**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1282** **07-02-2023 - ൽ മറുപടിയ്ക്ക്**

**കാളംതിരുത്തി പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ കാളംതിരുത്തി പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കാളംതിരുത്തി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് പര്യവേഷണ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള പരിശോധന നടന്നു വരുന്നു |
| (ബി) | ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് നൽകാമോ; | (ബി) | മണ്ണ് പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചതിന് ശേഷം ഡിസൈൻ വിഭാഗത്തിൽ നിന്നും ഡിസൈൻ ലഭിച്ചാൽ മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ ഫയൽ നമ്പർ നല്കുമോ ; നിലവിൽ ഈ ഫയൽ ഏത് ഓഫീസിലാണെന്നും, ഈ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്നും വിശദമാക്കാമോ? | (സി) | ഫയൽ നമ്പർ:PWD/BR/FL/18336/2022. നിലവിൽ ഈ ഫയൽ പാലങ്ങൾ വിഭാഗം ചീഫ് എൻജിനീയറുടെ കാര്യാലയത്തിലാണുള്ളത്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് മണ്ണ് പര്യവേഷണ പ്രവൃത്തി പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കി ടെണ്ടർ ചെയ്താൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ